## പടിപടിയായുള്ള പിന്മാറ്റത്തെ സൂക്ഷിക്കുക

സാക് പുന്നൻ

WFTW 14 ഒക്ടോബർ 2012

1 രാജാക്കന്മാർ രണ്ടാം അദ്ധ്യായത്തിൽ നാം വായിക്കുന്നത്, ശലോമോൻ അദോനിയാവിനെയും (19 - 27) തന്റെ പിതൃ സഹോദരീ പുത്രനായ യോവാബിനെയും (28 - 35) ശിമയിയെയും (36 - 46) വധിച്ചുകൊണ്ടാണ് തന്റെ വാഴ്ച തുടങ്ങിയത് എന്നാണ്. എന്തൊരു തുടക്കം ! ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ ദാവീദിന്റെ നിർദ്ദേശ പ്രകാരമാണ് ശലോമോൻ ഇതൊക്കെ ചെയ്ത് നാശത്തിന്റെ വഴിയിലായതെന്നു ഓർക്കുക. കഴുകപ്പെടാത്ത കൈപ്പു ഹൃദയത്തിലിരിക്കുന്നതിന്റെ ഫലം ദീർഘകാലം കഴിഞ്ഞായിരിക്കും ഉണ്ടാകുക. അങ്ങനെ അനേകർ കളങ്കപ്പെടുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ദൈവം തന്നെ അനുഗ്രഹിക്കും എന്നാണു ശലോമോൻ കരുതിയത് (45). ഒരു മനുഷ്യൻ എത്രമാത്രം ചതിക്കപ്പെടാം !!

മൂന്നാം അദ്ധ്യായത്തിൽ - ഒരിക്കൽ തെറ്റായ വഴിയിൽ ആയി കഴിഞ്ഞാൽ നിങ്ങൾ കൂടുതൽ കൂടുതൽ ദൈവത്തിൽ നിന്ന് അകന്നു പോകും - അടുത്ത പടിയായി ശലോമോൻ ചെയ്തത്, ഫറവോന്റെ പുത്രിയെ - ഒരു പുറജാതി സ്ത്രീയെ - വിവാഹം കഴിച്ചു എന്നതാണ്. ദാവീദ് തന്റെ അവസാന കാലത്ത് പ്രതികാരം ചെയ്യുന്നതിനെ കുറിച്ച് പഠിപ്പിക്കുന്നതിന് പകരം, വിവാഹത്തെ കുറിച്ച് ശലോമോനെ ഉപദേശിച്ചിരുന്നെങ്കിൽ ശലോമോന്റെ ജീവിതം എത്ര വ്യത്യസ്ത മായിരുന്നേനെ ! നിങ്ങൾ നിങ്ങളുടെ മക്കൾക്ക് എന്തുപദേശമാണ് കൊടുക്കുന്നത്? നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള കാര്യങ്ങൾ എന്തെല്ലാമാണ്?

നാം വായിക്കുന്നു, "ശലോമോൻ പൂജാഗിരികളിൽ യാഗം കഴിക്കുകയും ധൂപാർചന നടത്തുകയും ചെയ്തിരുന്നു. അതൊഴികെ എല്ലാ കാര്യത്തിലും യഹോവയോടു തനിക്കുള്ള സ്നേഹം പ്രകടമാക്കി" (3:3). എന്തൊരു വൈരുദ്ധ്യം!! ഇത്തരത്തിലുള്ള ഒത്തുതീർപ്പുകളിലൂടെയാണ് ശലോമോൻ ഒടുവിൽ തന്നെത്തന്നെ നശിപ്പിച്ചത്. അവനൊരു ഇരട്ടജീവിതമാണ് ജീവിച്ചത്. ആലയത്തിൽ ഒന്നും, സ്വകാര്യതയിൽ മറ്റൊന്നും. നിർഭാഗ്യവശാൽ ഇന്നുള്ള പല ക്രിസ്ത്യാനികളും അതുപോലെയാണ്. ദൈവത്തോടുള്ള സ്നേഹത്തെ ഉച്ചത്തിൽ പ്രകടിപ്പിക്കും, എന്നാൽ സ്വകാര്യജീവിതത്തിൽ അവർ അനീതിയിലും പാപത്തിലും ജീവിക്കുന്നു. ഒടുവിൽ അവരുടെ ചെറിയ പിന്മാറ്റങ്ങൾ വലിയ വീഴ്ചയായി മാറി അവരെ നശിപ്പിക്കുന്നു.

ദൈവത്തിന്റെ ആലയം പണിയുവാൻ ശലോമോൻ ഏഴു വർഷമെടുത്തു (6:38). എന്നാൽ തന്റെ കൊട്ടാരം പണിയുവാൻ 13 വർഷമെടുത്തു (7:1). ഇതിൽനിന്നും എന്തിനാണ് അവൻ കൂടുതൽ പ്രാധാന്യം കൊടുക്കുന്നതെന്ന് മനസ്സിലാക്കാം. ഇന്ന് ക്രിസ്തീയ വേല ചെയ്യുന്ന പലരുടേയും കാര്യം ഇതുപോലെയാണ്. അവർ "ക്രിസ്തീയ" വേല ചെയ്യുന്നുണ്ടെന്നതു ശരിയാണ് എന്നാൽ അവരുടെ പ്രഥമ താൽപര്യം അവരുടെ വീടും, സ്വന്തകുടുംബത്തിന്റെ സുഖസൗകര്യങ്ങളുമാണ്. ദൈവഭവനവും ദൈവവേലയും അവർക്ക് രണ്ടാം സ്ഥാനത്തെ വരൂ. സുവിശേഷ പ്രസംഗം അവരെ ധനികരാക്കിയിരിക്കുന്നു.

എല്ലാ പിന്മാറ്റങ്ങളും പോലെ, ശലോമോന്റെ പിന്മാറ്റവും ക്രമേണയുള്ളതായിരുന്നു. ആളുകളെ കൊന്നുകൊണ്ടാണ് അവന്റെ വാഴ്ച തുടങ്ങിയത്. അവനു വേണമെങ്കിൽ തന്റെ പിതാവായ ദാവീദിനോടു വിയോജിച്ചുകൊണ്ട് ശിമയിയെയും, യോവാബിനെയും കൊല്ലുന്നതിനു വിസമ്മതിക്കാമായിരുന്നു. അദോനിയാവിനോട് ക്ഷമിച്ച് അവനെ കൊല്ലാതിരിക്കാമായിരുന്നു. ഒരിക്കൽ താഴോട്ട് ഇറക്കം തുടങ്ങിക്കഴിഞ്ഞാൽ പിന്നെ അത് വളരെ കുത്തനെയുള്ളതായിത്തീരും. പിന്നീട് അവൻ ഫറവോന്റെ പുത്രിയെ വിവാഹം കഴിച്ചു. തീർച്ചയായും അത് അവളുടെ സമ്പത്തിനു വേണ്ടിയായിരുന്നു. പിന്നീട് തന്റെ ഭവനം പണിയുവാൻ പതിമൂന്നു വർഷം ചെലവഴിച്ചു. ദൈവം അവനു വലിയ ജ്ഞാനം നൽകിയിരിക്കെയാണ് ഇതെല്ലാം നടന്നത്. പല ക്രിസ്തീയ പ്രവർത്തകരുടെയും ജീവിതത്തിന്റെ തുടക്കം മുതൽ തന്നെ ലോകത്തോട് ഒരു ചായ് വുള്ളതായി പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. അവരുടെ ശുശ്രൂഷയുടെ തുടക്കം മുതൽ അവരുടെ സ്വന്ത അവകാശങ്ങൾ അന്വേഷിക്കുന്നു. ഒടുവിൽ വർഷങ്ങൾക്കു ശേഷം സ്വന്തകാര്യം അന്വേഷിക്കുന്നതിൽ അവർ വിദഗ്ധരായിതീരുന്നു.

എങ്കിലും ദൈവം തന്റെ ജനത്തെ - അവരുടെ രാജാവ് പിന്മാറ്റത്തിൽ ആയിരുന്നിട്ടും - സ്നേഹിക്കുന്നു. അതുകൊണ്ട് ആലയത്തിന്റെ പണി പൂർത്തിയായപ്പോൾ അവിടുന്ന് തന്റെ മഹത്വം കൊണ്ട് അതിനെ നിറച്ചു (8:10). മോശെ സമാഗമനകൂടാരത്തിന്റെ പണി പൂർത്തിയാക്കിയ ദിവസം പോലെ തന്നെ. സമാഗമനകൂടാരത്തിന്റെ മാതൃകയിൽ തന്നെയാണ് ആലയവും പണിതത്, എന്നാൽ വളരെ വലിപ്പത്തിലും, മഹത്വത്തിലും.

ശലോമോൻ മനോഹരമായൊരു സമർപ്പണ പ്രാർത്ഥന നടത്തുന്നു (8:22-61). അവിടുന്ന് അവന്റെ പ്രാർത്ഥന കേട്ടുവെന്നും അവന്റെ രാജത്വം സ്ഥിരപ്പെടുന്നതിനു ഹൃദയ നിർമ്മലതയോടും പരമാർത്ഥതയോടും കൂടെ അവൻ നടക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അവൻ ദൈവത്തിൽനിന്നും അകന്നു മാറിയാൽ യിസ്രായേൽ ഭൂമുഖത്തുനിന്നും, ദേവാലയം അവശിഷ്ടങ്ങളുടെ കൂമ്പാരമായി മാറുമെന്നും ശലോമോന് ദൈവം മുന്നറിയിപ്പ് നൽകുന്നു (9:3-9).

ബാബിലോന്യർ വന്നു യൂദാ കീഴടക്കി ദേവാലയം നശിപ്പിച്ചപ്പോൾ കൃത്യമായിട്ട് അതാണ് നടന്നത്. ദൈവം അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. " നിങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കാമെന്നും, ഞാൻ നിങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുമെന്നും നിങ്ങൾ കരുതരുത്". നാം വഴി തെറ്റിപ്പോകുന്നതിനു വളരെ മുമ്പുതന്നെ ദൈവം നമുക്ക് മുന്നറിയിപ്പ് തരുന്നു.

പത്താം അദ്ധ്യായത്തിൽ ശലോമോന്റെ മഹത്തായ ജ്ഞാനത്തെ കുറിച്ച് കേട്ടിട്ട് ശേബാ രാജ്ഞി അവനെ കാണാൻ വരുന്നതായി നാം വായിക്കുന്നു. ലോകം മുഴുവൻ അറിയപ്പെടുന്ന ജ്ഞാനി ആയിരുന്നുവെങ്കിലും ശലോമോൻ വ്യത്യസ്ത സ്വഭാവങ്ങളുള്ള മനുഷ്യനായിരുന്നു. പല ക്രിസ്ത്യാനികളേയും പോലെ അവൻ പരസ്യമായി ദൈവത്തോട് മനോഹരമായി പ്രാർത്ഥിക്കും. എന്നാൽ സ്വകാര്യജീവിതത്തിൽ മറ്റാരെയും പോലെ ദൈവമില്ലാത്തവനായിരുന്നു. ലൈംഗീക ദുർമോഹത്തിൽ അവൻ ശിംശോനെ തോൽപ്പിച്ചു. 700 ഭാര്യമാരാണ് അവനുണ്ടായിരുന്നത്. അതുപോരാഞ്ഞിട്ടു 300 വെപ്പാട്ടികളും. അവരിൽ ഭൂരിഭാഗവും ചുറ്റുമുള്ള പുറജാതിയിൽ പെട്ടവരായിരുന്നു. മൂന്നു വർഷത്തിൽ ഒരിക്കലാകണം അവൻ അവരിൽ ഓരോരുത്തരെയും കണ്ടിരുന്നത്. ഒടുവിൽ ഈ ഭാര്യമാർ അവനെ ദൈവത്തിൽ നിന്നകറ്റി ഒരു വിഗ്രഹാരാധി ആക്കി തീർത്തു.

ശലോമോൻ വഴിപിഴച്ചു പോയപ്പോൾ ദൈവം അവനോടു വളരെ കോപിച്ചു. അവന്റെ രാജ്യത്തെ താൻ ഭിന്നിപ്പിക്കാൻ പോവുകയാണെന്ന് പറഞ്ഞു (11:9). എന്നാൽ ദാവീദ് ഒരു ദൈവമനുഷ്യൻ ആയിരുന്നതിനാൽ ദൈവം ശലോമോന്റെ കാലത്ത് അത് ചെയ്തില്ല. പിതാവിന്റെ ദൈവ ഭക്തി നിമിത്തം മക്കൾ എത്രമാത്രം അനുഗ്രഹിക്കപ്പെടുന്നു എന്ന് നാം ഇവിടെ കാണുന്നു. ശലോമോനെ ബുദ്ധിമുട്ടിക്കുവാൻ ദൈവം ശത്രുക്കളെ എഴുന്നേൽപ്പിച്ചുവെങ്കിലും അവൻ അനുതപിച്ചില്ല (11:14). ജെരോബയാം തനിക്കെതിരായി വരുമെന്ന് ഭയന്ന ശലോമോൻ അവനെ കൊല്ലുവാൻ ശ്രമിച്ചു (11:26). പിന്നീട് ജെരോബയാം, ഭിന്നിച്ചു രണ്ടായ രാജ്യങ്ങളിൽ ഒന്നിന്റെ രാജാവായി. അങ്ങനെ ശലോമോൻ മരിച്ചു (11:43).

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)